# Name of the Publication: Mangalam

**Date: June 26, 2009** — **Edition: Kottayam**

**Page No: 8** — **Business Page**



## മാതൃഭാഷയിൽ കമ്പ്യൂട്ടർ പഠിക്കാൻ സോഫ്റ്റ്‌വേർ

ന്യൂഡൽഹി: മാതൃഭാഷയിൽ കമ്പ്യൂട്ടർ പഠിക്കുന്നതിനുള്ള സോഫ്റ്റ്‌വേർ ആദ്യമായി വിപണിയിലെത്തി. ബംഗളൂരു ആസ്ഥാനമായ സോഫ്റ്റ്‌വേർ കമ്പനി എഫ്റ്റികെ ടെക്നോളജീസിന്റെ മാഗീകീസ് ആണ് പുതിയ പഠന സഹായി 'ലൂകീസ്' പുറത്തിറക്കിയിരിക്കുന്നത്.

മലയാളം, തമിഴ്, കന്നട, തെലുങ്ക് തുടങ്ങിയ ദക്ഷിണേന്ത്യൻ ഭാഷകളിലും ബംഗാളി, ഗുജറാത്തി, മറാത്തി തുടങ്ങിയ പ്രാദേശിക ഭാഷകളിലും ലൂകീസ് ലഭ്യമാണ്.

രാജ്യത്തെ സർക്കാർ സ്കൂളുകളിൽ കുട്ടികൾക്ക് കമ്പ്യൂട്ടർ പഠനം എളുപ്പമാക്കുന്നതിന് ലൂകീസ് ഉപയോഗിക്കുന്നുണ്ടെന്ന് എഫ്റ്റികെയുടെ എക്സിക്യൂട്ടീവ് മാനേജർ റാഫി പൽഗി പറയുന്നു. കമ്പ്യൂട്ടർ വിദ്യാഭ്യാസ രംഗത്തെ പ്രശസ്തരായ എഡ്യൂക്കോമ്പ് സൊല്യൂഷൻസുമായി ചേർന്നാണ് ലൂകീസ് വികസിപ്പിച്ചിരിക്കുന്നത്. ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്നതിന് അധ്യാപകരും ഇപ്പോൾ ഈ സോഫ്റ്റ്‌വേർ ഉപയോഗിക്കുന്നതായി പൽഗി അവകാശപ്പെടുന്നു.

മാഗികീസ് കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തു കഴിഞ്ഞാൽ മറ്റു ശ്രമങ്ങളൊന്നുമില്ലാതെ വേർഡ് ഫയലുകൾ മലയാളത്തിൽ വായിക്കാനും എഴുതാനും സാധിക്കും. ഇന്റർനെറ്റിൽ മാതൃഭാഷയിൽ മെയിലുകൾ അയയ്ക്കുന്നതിനും ചാറ്റിംഗിനും വിവരങ്ങൾ ശേഖരിക്കുന്നതിനും മാഗികീസ് ഉപയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.lookeys.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.